(സി) കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നടത്തുന്നതിന് സബ് രജിസ്ട്രാർമാർ തടസ്സം പറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1955-ലെ കേരള മുദ്രപ്പത്ര (ഭൂമിയുടെ ന്യായ വില (നിർണയം) ചട്ടങ്ങളിലെ ചട്ടം 5(8)-ൽ അപ്പീലിന്മേൽ തീരുമാനമെടുക്കുന്ന ജില്ലാകളക്ടർ ന്യായവില പുതുക്കി നിശ്ചയിക്കുന്നപക്ഷം ആയത് ഫോറം സി-യിൽ ഗസറ്റിൽ വിജ്ഞാപനം ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗസറ്റ് വിജ്ഞാപനത്തോടെ മാത്രമേ കളക്ടറുടെ നടപടി പൂർത്തിയാവുകയുള്ളു എന്ന് നിയമ വകുപ്പ് ഉപദേശം നൽകിയിട്ടുണ്ട്. 1995-ലെ കേരള മുദ്രപ്പത്ര (ഭൂമിയുടെ ന്യായവില നിർണ്ണയം) ചട്ടം 5 (8) പ്രകാരമുള്ള നടപടികൾ കാലവിളംബം കൂടാതെ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

220 (1690) ശ്രീ. എൻ. രാജൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. കെ. രാജു :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില കുറച്ചുകാണിച്ച് ആധാരം രജിസ്റ്റർ ചെയ്തതിനുള്ള നടപടികളിൽനിന്നും പഞ്ചായത്തുകളിലെ അഞ്ചു സെന്റിനു താഴെയുള്ളവരെ ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം ഇത്തരത്തിലുള്ള എത്ര ആധാരങ്ങൾ നടത്തിയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഇത്തരം ആനുകൂല്യങ്ങളുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കും ;

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം അണ്ടർവാല്യുവേഷൻ ആധാരങ്ങളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ എത്ര പേർക്ക് ആനുകൂല്യം നൽകിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുടിശ്ശികയായ അണ്ടർവാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുസരിച്ച് 31-3-2010 വരെയുള്ള, പഞ്ചായത്ത് പ്രദേശങ്ങളിലെ 5 സെന്റിൽ താഴെ ഭൂമി ഉൾപ്പെടുന്ന ആധാരങ്ങളെ ടി നടപടിയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(ബി) 31-3-2009-വരെയുള്ള കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസ്സുകളിൽ, പഞ്ചായത്ത് പ്രദേശങ്ങളിലെ 5 സെന്റിൽ താഴെ ഭൂമി ഉൾപ്പെടുന്ന 2,30,440 ആധാരങ്ങളെ ടി പദ്ധതി പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. 1-4-2009 മുതലുള്ള കണക്കുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 31-3-2010 വരെയുള്ള കുടിശ്ശികയായിട്ടുള്ള അണ്ടർവാല്യുവേഷൻ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാപേർക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) 1-4-2009 തീയതി മുതൽ 31-1-2011 തീയതി വരെ 5, 15, 313 പേർ ടി പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

സബ് രജിസ്ട്രാർ ഓഫീസുകൾ

221 (1691) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ മയ്യിൽ, ചപ്പാരക്കടവ് എന്നീ സ്ഥലങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിക്കുന്നതിലേക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) എന്നേയ്ക്ക് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) മയ്യിൽ എന്ന സ്ഥലത്ത് 'സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്. ചപ്പാരപ്പടവിൽ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ന്യായവില നിശ്ചയിക്കാത്തതിനാൽ വസ്തുകൈമാറ്റങ്ങൾക്ക് ഉണ്ടായിട്ടുള്ള തടസ്സം

222 (1692) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലെന്ന കാരണത്താൽ രജിസ്ട്രേഷൻ നിരസിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം ഒട്ടനവധി രജിസ്ട്രേഷൻ നിരസിക്കപ്പെടുന്നതും അതുവഴി വസ്തുവിന്റെ കൈമാറ്റംതന്നെ സംസ്ഥാനത്ത് നിലച്ചിരിക്കുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പരിശോധിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഒരാധാരത്തിൽ ഉൾപ്പെട്ട് വരുന്ന ഭൂമിയുടെ ന്യായവില നിശ്ചയിക്കപ്പെട്ടില്ല എന്ന കാരണത്താൽ ടി ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കാൻ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്, 1908-ലെ രജിസ്ട്രേഷൻ നിയമം പ്രകാരം അധികാരമില്ല.

LIBRARY ARCHIVES Kerala Legislative Assembly